ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി. യിലെ ജീവനക്കാർക്ക് ബോണസ് ആക്ടിലെ വ്യവസ്ഥകളും ബാധകമല്ല. കോർപ്പറേഷൻ അംഗീകരിച്ച ആർബിട്രേഷൻ അവാർഡിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് 1985–86–ൽ വിതരണം ചെയ്തത് ബോണസ്സല്ല; ഉൽപ്പാദന മത്സര ബന്ധിതമായ പ്രോൽസാഹന അലവൻസാണ്. അതിനാൽ ബോണസ് ആക്ടിലെ വ്യവസ്ഥകളുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്ന പ്രശ്നമുദിക്കുന്നേയില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) 'എ' പാർട്ട് ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് ജീവനക്കാർ കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്ക് അർഹരല്ലെന്ന് അറിയിച്ചിട്ടുണ്ട്.

കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾ

2012 [3116] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ എത്ര തൊഴിലാളികൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കോർപ്പറേഷന് ലഭിച്ച തുക എത്ര?

ഉത്തരം

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആർട്ടിസാൻ പദ്ധതികൾക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്നതിനായി 75,000 ത്തോളം തൊഴിലാളികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 3.72 ലക്ഷം രൂപ.

വൈൽഡ് ലൈഫ് വിഭാഗം

2013 [3122] ശ്രീ. രാഘവൻ പൊഴക്കടവിൽ:
,, ബെന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് ഒരു പ്രത്യേക വിഭാഗമാണോ;

(ബി) ഈ വിഭാഗത്തിൽ എത്ര തസ്തികകളും എത്ര ജീവനക്കാരുമുണ്ട്;

(സി) എത്ര വന്യമൃഗ സംരക്ഷണകേന്ദ്രങ്ങൾ ഈ വിഭാഗത്തിന്റെ അധീനതയിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly